വ്യാജരേഖ ഉണ്ടാക്കിയവർക്കെതിരെ നടപടി

119 (717) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം കൊടുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സിന് എൻ. സി. റ്റി. ഇ. യുടെ അംഗീകാരം നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) 2002-2003 അദ്ധ്യയന വർഷത്തിൽ പരീക്ഷ എഴുതിച്ച എൻ. സി. ടി. ഇ. യുടെ അംഗീകാരമില്ലാത്ത രണ്ട് സ്ഥാപനങ്ങളുടെ പേരിലും വ്യാജരേഖ ഉണ്ടാക്കിയ ഉദ്യോഗസ്ഥരുടെ പേരിലും ചില സംഘടനകൾ നൽകിയ പരാതിക്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് എൻ. സി. റ്റി. ഇ. യാണ് അംഗീകാരം നൽകേണ്ടത്.

(ബി) ഉണ്ട്.

(സി) 2002-2003 അദ്ധ്യയന വർഷത്തിൽ പരീക്ഷ എഴുതിച്ച എൻ. സി. ടി. ഇ. യുടെ അംഗീകാരമുള്ള രണ്ട് സ്ഥാപനങ്ങളുടെ പേരിൽ പരാതി ലഭിച്ചിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അൺ-എയ്ഡഡ് മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച വ്യവസ്ഥകൾ

120 (718) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ-എയ്ഡഡ് മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ഏതെല്ലാം അൺ-എയ്ഡഡ് കോളേജുകൾ അൻപതു ശതമാനം സീറ്റിൽ മെരിറ്റനുസരിച്ച് അഡ്മിഷൻ നൽകിയിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഏറ്റവും അവസാനം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അൺ-എയ്ഡഡ് മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് ചില മാനേജുമെന്റുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൻമേലുള്ള വിധിക്കെതിരെ സർക്കാർ ബഹു.സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത അപ്പീലുകളിൻമേലുള്ള വിധിക്കനുസൃതമായി പ്രവേശനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly